# കേരള കാർഷിക സർവകലാശാല വാർത്തകൾ

## (ഒക്ടോബർ 7 – 13, 2022)

(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി – 680651
e-mail: ccmannuthy@kau.in, Phone:0487-2370773)

No. C3/4/2022 - 40 Dt. 06. 10.2022

**ഈയാഴ്ചത്തെ വിളപരിപാലന നിർദ്ദേശങ്ങൾ**

നെല്ലിൽ ബാക്ടീരിയ മൂലമുള്ള ഇലകരിച്ചിൽ പ്രതിരോധിക്കാൻ 20 ഗ്രാം പച്ചചാണകം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി അതിന്റെ തെളിയെടുത്ത്, 20 ഗ്രാം സ്യൂഡോമോണാസ് അതിൽ കലർത്തി തളിക്കാവുന്നതാണ്. നെല്ലിലെ ഓലചുരുട്ടിപ്പുഴുവിനെയും തണ്ടുതുരപ്പനെയും പ്രതിരോധിക്കാനായി ഒരു ഏക്കർ പാടശേഖരത്തിന് 2 സിസി ട്രൈക്കോഗ്രമ്മ കാർഡ് വീതം, ചെറുകഷ്ണങ്ങളായി മുറിച്ചു വയലിന്റെ പലഭാഗത്ത് പ്ലാസ്റ്റിക് കപ്പുകളിൽ കുത്തി വെക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 3 മില്ലി ക്ലോറാൻട്രനിലിപ്രോൾ 10 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക.

തെങ്ങിൻ തോപ്പിൽ നിന്നും ലഭിക്കുന്ന ഉണങ്ങിയ ഓലകൾ കമ്പോസ്റ്റാക്കി മാറ്റിയതിനുശേഷം തെങ്ങിന് തന്നെ വളമായി ഉപയോഗിക്കാവുന്നതാണ്. തെങ്ങിന് ആവശ്യമായ മിക്കവാറും എല്ലാ മൂലകങ്ങളും ഇതിലൂടെ ലഭ്യമാക്കാൻ സാധിക്കും. സാധാരണ ഗതിയിൽ തെങ്ങോല അഴുകിത്തീരാൻ സമയമെടുക്കും. എന്നാൽ ജൈവ വസ്തുക്കൾ ആഹാരമാക്കുന്ന മണ്ണിരകളെ ഉപയോഗിക്കുകയാണെങ്കിൽ ഓലയെ പെട്ടെന്ന് തന്നെ കമ്പോസ്റ്റാക്കി മാറ്റാൻ സാധിക്കും.

ഓല ചീയൽ തെങ്ങിന്റെ ഒരു പ്രധാന രോഗമാണ്. വിടരാത്ത കൂമ്പോലകളിൽ കുമിൾ ബാധയേൽക്കുന്നു. ഓല വിടരുമ്പോഴേയ്ക്കും ഓലയുടെ അടിഭാഗത്തുള്ള ഓലക്കാലുകൾ കരിഞ്ഞുണങ്ങി കാറ്റത്തു പറന്നുപോകുന്നു. ഉപദ്രവം കഠിനമാണെങ്കിൽ കൂമ്പോലകൾ വിടരുന്നതു തന്നെ തടസ്സപ്പെടും. പലപ്പോഴും ഈ രോഗത്തെ കാറ്റുവീഴ്ച്ചയായി തെറ്റിദ്ധരിക്കും. 1% ബോർഡോമിശ്രിതം തളിച്ച് ഈ രോഗം നിയന്ത്രിക്കാവുന്നതാണ്.

തെങ്ങിലെ വെള്ളീച്ചയെ നിയന്ത്രിക്കാനായി 20 ഗ്രാം ലെക്കാനിസീലിയം, എന്ന മിത്രകുമിൾ ഇലകളുടെ അടിവശത്ത് പതിയത്തക്കവിധം വെയിൽ കുറവുള്ള സമയത്ത് തളിച്ച്കൊടുത്തതിനുശേഷം 2% വീര്യമുള്ള വേപ്പെണ്ണ എമൾഷൻ തളിക്കുക.

കശുമാവ് തളിരിട്ട് തുടങ്ങുന്ന സമയമാണിപ്പോൾ. ഈ സമയത്താണ് തേയിലക്കൊതുകിന്റെ ഉപദ്രവം ആരംഭിക്കുന്നത്. ആന്ത്രാക്നോസ് എന്ന രോഗം കൂടി ബാധിച്ചാൽ ഇളം തണ്ടുകളും തളിരിലകളും, പൂങ്കുലയും കരിഞ്ഞ് പോകുന്നതായി കാണാം. ഈ കുമിളിന്റെ വിത്തുകൾ തണ്ടിൽ പ്രവേശിച്ചു കഴിഞ്ഞാൽ ആ ഭാഗത്ത് കടുംതവിട്ടു നിറത്തിൽ പാടുകൾ ഉണ്ടാകും. ഈ പാടിൽ നിന്നും ഒരു ദ്രാവകം ഒലിച്ചിറങ്ങു

ന്നു. പിന്നീടത് ഉണങ്ങി തിളങ്ങുന്ന കട്ടയാകുന്നു. ക്രമേണ തണ്ട് ഉണങ്ങും. കശുമാവ് തളിരിടുന്ന സെപ്തംബർ – ഒക്ടോബർ മാസങ്ങളിൽ തേയിലക്കൊതുകിനെ നിയന്ത്രിക്കുന്നതിന് വേപ്പെണ്ണ മിശ്രിതം തളിച്ചാൽ മതി, 20 മി.ലി, വേപ്പെണ്ണയും 5 ഗ്രാം ബാർസോപ്പും ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് നല്ലപോലെ ഇളക്കി മിശ്രിതമാക്കിയശേഷം വേണം തളിക്കാൻ.

വാഴ നടുന്ന സമയമാണിത്. ആരോഗ്യമുള്ള സൂചിക്കന്നുകൾ വേണം നടാൻ ഉപയോഗിക്കാൻ. വാഴ നട്ട് ഒരു മാസത്തിനകം ജൈവവളം, എല്ലുപൊടി എന്നിവയും നൽകണം. നടുന്നതിനു മുമ്പായി കുമ്മായവും വേപ്പിൻ പിണ്ണാക്കും കൂടി ചേർക്കുന്നത് നല്ലതാണ്. വാഴയിൽ പിണ്ടിപ്പുഴുവിന്റെ ആക്രമണം രൂക്ഷമാണെങ്കിൽ നിയന്ത്രിക്കാൻ 2.5 മി.ലി ക്ലോർപൈറിഫോസ് ഒരു ലിറ്റർ വെള്ളത്തിന് എന്ന തോതിൽ ഇലക്കവിളുകളിലും, ദ്വാരങ്ങളിലും നല്ലവിധം ഇറങ്ങിച്ചെല്ലത്തക്കവിധം തളിച്ച് കൊടുക്കാവുന്നതാണ്.

ജാതിയിൽ കായ്അഴുകൽ, ഇലപൊഴിച്ചിൽ എന്നീ രോഗങ്ങൾ വരാൻ സാധ്യതയുണ്ട്. മുൻകരുതലായി രണ്ടു കിലോ ട്രൈക്കോഡർമ, 90 കിലോ ചാണകപ്പൊടിയും, 10 കിലോ വേപ്പിൻപിണ്ണാക്കുമായി കൂട്ടികലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്കവണ്ണം രണ്ടാഴ്ചവെച്ച മിശ്രിതത്തിൽ നിന്ന് 2.5 കിലോ വീതം ഓരോ ചെടിക്ക് ചുവട്ടിലും ഇട്ടു കൊടുക്കുക. ഒരു മാസത്തിനു ശേഷം സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. അല്ലെങ്കിൽ 1% വീര്യമുള്ള ബോർഡോ മിശ്രിതം കലക്കി തളിക്കുക. മണ്ണിലെ അമ്ലത്വം കുറയ്ക്കാനായി കുമ്മായം ഇട്ടുകൊടുക്കാവുന്നതാണ്.

പച്ചക്കറി വിളകളിൽ കാണുന്ന ഇലചുരുളൽ, മൊസേക്ക് എന്നീ രോഗങ്ങളെ നിയന്ത്രിക്കുന്നതിനായി ഇവ പരത്തുന്ന ചെറുകീടങ്ങളെ നിയന്ത്രിക്കുന്നതോടൊപ്പം രോഗം ബാധിച്ച ചെടികൾ നീക്കം ചെയ്യുകയും വേണം. ജൈവ കീടനാശിനികളായ വേപ്പെണ്ണ, വെളുത്തുള്ളി മിശ്രിതം, വേപ്പധിഷ്ഠിത കീടനാശിനികൾ എന്നിവ ഇത്തരം ചെറുകീടങ്ങൾക്കെതിരെ തുടക്കത്തിൽ തന്നെ പ്രയോഗിക്കാൻ ശ്രദ്ധിക്കുക.

പയറിൽ കായും തണ്ടും തുരക്കുന്ന കീടത്തിന്റെ ഉപദ്രവമേറ്റ ഭാഗങ്ങൾ മുറിച്ചു നീക്കം ചെയ്യുക. ആക്രമണം രൂക്ഷമാണെങ്കിൽ 2.5 മി.ലി ഫ്‌ളൂബെൻഡാമൈഡ് 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ അല്ലെങ്കിൽ ക്ലോറാൻട്രാനിലിപ്രോൾ 3 മി.ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ തളിച്ചു കൊടുക്കേണ്ടതാണ്. പയറിൽ മുഞ്ഞയുടെ ആക്രമണം കണ്ടാൽ 2% വീര്യമുള്ള വേപ്പെണ്ണ എമൾഷൻ തളിക്കുക. അല്ലെങ്കിൽ *ലെക്കാനിസീലിയം, ലെക്കാനി* എന്ന മിത്രകുമിൾ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ 10 ദിവസം ഇടവിട്ട് തളിച്ച് കൊടുക്കുക, ആക്രമണം രൂക്ഷമാണെങ്കിൽ 3 മി.ലി ഇമിഡാക്ലോപ്രിഡ് അല്ലെങ്കിൽ 2 ഗ്രാം തയാമെതോക്സാം 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക.

ആന്തൂറിയത്തിലും ഓർക്കിഡിലും ഒച്ചിന്റെ ഉപദ്രവം നിയന്ത്രിക്കുന്നതിനായി ചട്ടിയിൽ വേപ്പിൻ പിണ്ണാക്ക് ഇട്ട് കൊടുക്കുകയും വേപ്പെണ്ണ ഇമൾഷൻ തളിച്ച് കൊടുക്കുകയും ചെയ്യുക. ഒച്ച് പുറത്ത് വരുന്ന സമയങ്ങളിൽ പെറുക്കിയെടുത്ത് നശിപ്പിക്കുകയും വേണം. രാത്രികാലങ്ങളിൽ നനഞ്ഞ ചണച്ചാക്കിൽ കാബേജ്, പപ്പായയുടെ ഇല എന്നിവ വിതറി ഒച്ചുകളെ ആകർഷിച്ച് വരുത്തി ശേഷം അതിരാവിലെ ഇവയെ ഉപ്പ് വിതറി നശിപ്പിക്കുക.

**അറിയിപ്പ്**

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, കല്പധേനു എന്ന കാർഷിക സർവ്വകലാശാലയുടെ ത്രൈമാസിക പ്രസിദ്ധീകരണവും വില്പനയ്ക്കുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : **0487-2370773**

ഒപ്പ്/-

**പ്രൊഫസർ & ഹെഡ്**